**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1061 | 14.01.2021 ൽ മറുപടിയ്ക്ക്

**തൊഴിൽ പരിശീലനം**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** പഠനം അവസാനിപ്പിക്കുകയും തൊഴിലുകൾ ലഭിക്കാതിരിക്കുകയും മറ്റൊരുവിധ തൊഴിൽ സംരംഭങ്ങൾ ഉപയോഗപ്പെടുത്താതെയിരിക്കുന്നതുമായ യുവതിയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ മേഖലയിലേക്കു നയിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ; | **(എ)** സംസ്ഥാന നൈപുണ്യ വികസനമിഷനായ KASE-ന്റെ നൈപുണ്യ വികസന സംരംഭങ്ങളായ വിവിധ സെന്റർ ഓഫ് എക്സലൻസുകൾ കൗശൽ കേന്ദ്രകൾ, KASE-ന്റെയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പിന്റെയും സംയുക്ത നൈപുണ്യ വികസന സംരംഭമായ എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡവലപ്മെന്റ് സെന്ററുകൾ മോഡൽ കരിയർ സെന്ററുകൾ തുടങ്ങിയവയിലൂടെ ഏതൊരു ഉദ്യോഗാർത്ഥിക്കും പ്രയോജനപ്പെടുത്താ വുന്ന വിധത്തിലുള്ള വിവിധ എംപ്ലോയ ബിലിറ്റി എൻഹാൻസ്മെൻറ് പ്രോഗ്രാമുകളും തൊഴിൽ പരിശീലനങ്ങളും നൽകിവരുന്നു. കൂടാതെ വിവിധ വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ രീതിയിലുള്ള നൈപുണ്യ പരിശീലനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) മുഖേനയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| **(ബി)** സമഗ്രവും ശാസ്ത്രീയവുമായ സ്കിൽ മാപ്പിംഗ് നടത്തി ആവശ്യാനുസരണം മനുഷ്യവിഭവശേഷി വർദ്ധിപ്പിച്ച് വേണ്ട തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ ശ്രമങ്ങൾ നടത്തുന്നുണ്ടോ; | **(ബി)** സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് സംസ്ഥാനത്ത് ഒരു സ്കിൽ ഗാപ് സ്റ്റഡി നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ |

| | |
|---|---|
| | അടിസ്ഥാനത്തിൽ തൊഴിൽ സാദ്ധ്യത യേറിയ മേഖലകളെ തിരിച്ചറിഞ്ഞു നൈപുണ്യ വികസന പദ്ധതികൾ വിഭാവനം ചെയ്യാനാകും. നിലവിൽ എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന സൈക്കോമെട്രിക് ടൂളുകൾ ഉപയോഗിച്ച് സ്കിൽ ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി വരുന്നു. |
| **(സി)** ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിലവിൽ തൊഴിൽ അന്വേഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | **(സി)** എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ വഴി തൊഴിലന്വേഷകർക്ക് വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ കൂടാതെ മൽസര പരീക്ഷാ പരിശീലനം മോക്ക് ഇന്റർവ്യൂ എന്നിവയും ലഭ്യമാക്കുന്നുണ്ട്. തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ച് അറിവും പരിശീലനവും നൽകി അനുയോജ്യമായ തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കു വാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സഹായിക്കുന്നു. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തു ന്നതിന് ജോബ് ഫെയറുകൾ മേഖലാതലത്തിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ